# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3572 | 22.08.2017 ൽ മറുപടിയ്ക്ക് |
|---|---|
| **വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീമതി.വീണാ ജോർജ്ജ്**<br>**ശ്രീ.കെ. ബാബു**<br>**,, കാരാട്ട് റസാഖ്**<br>**,, കെ.ജെ. മാക്സി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് വനിതകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വനിതാ കമ്മീഷൻ എന്തെല്ലാം ഇടപെടലുകളാണ് നടത്തുന്നത്; | (എ) കേരളത്തിലെ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും അവർക്കെതിരായി ഉണ്ടാകുന്ന നീതിരഹിതവും വിവേചനപരവുമായ നടപടികളിൽ ആവശ്യമായ അന്വേഷണം നടത്തി അവയ്ക്ക് പരിഹാരം കാണുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട അധികാരികൾക്ക് ആവശ്യമായ ശുപാർശകൾ നൽകുകയാണ് കമ്മീഷന്റെ മുഖ്യ ചുമതല. കൂടാതെ നിലവിലുള്ള നിയമങ്ങളിലെ പഴുതുകൾ, അപര്യാപ്തതകൾ എന്നിവയെക്കുറിച്ചും അവ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നിവാരണ നിയമനിർമ്മാണ നടപടികളെക്കുറിച്ചും വാർഷിക റിപ്പോർട്ട് സമർപ്പിക്കുക. സ്ത്രീ സംരക്ഷണ നിയമങ്ങൾ ഏതെങ്കിലും പ്രദേശങ്ങളിൽ വേണ്ടത്ര ഫലപ്രദമായിട്ടില്ല; അല്ലെങ്കിൽ പ്രവർത്തനക്ഷമമാക്കിയിട്ടില്ല എന്ന് തിരിച്ചറിയുന്നതിനായി ഈ നിയമങ്ങളുടെ പ്രവർത്തനം പരിശോധിക്കുകയും ആവശ്യമായ നിയമനിർമ്മാണ ശുപാർശകൾ സമർപ്പിക്കുക, സ്ത്രീകൾക്കെതിരെ നീതിരഹിത നടപടികൾ നടത്തുന്നതിനായി പരാതി ലഭിച്ചിട്ടുള്ള ജയിലുകളോ, പോലീസ് സ്റ്റേഷനുകളോ, ലോക്കപ്പുകളോ,സബ്ജയിലുകളോ, റെസ്ക്യു ഹോമുകളോ അല്ലെങ്കിൽ സ്ത്രീകൾക്ക് അഭയമോ, സംരക്ഷണമോ നൽകുന്ന മറ്റ് സ്ഥലങ്ങളോ, ഡയറക്ടറോ കമ്മീഷൻ അധികാരപ്പെടുത്തുന്ന കമ്മീഷനിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ പരിശോധിക്കുകയും ഈ സ്ഥലങ്ങളിൽ സ്ത്രീകൾക്ക് ലഭിക്കുന്ന പരിചരണത്തെ സംബന്ധിച്ച് അന്വേഷണം നടത്തി നിവാരണ നടപടി സ്വീകരിക്കുന്നതിനായി റിപ്പോർട്ട് നൽകുക, ഏതെങ്കിലും പബ്ലിക് സർവന്റ്, സ്ത്രീകളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ ഗുരുതരമായ ഉപേക്ഷയോ, ഉദാസീനതയോ കാണിച്ചുവെന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടാൽ ബന്ധപ്പെട്ട അധികാരസ്ഥാനത്തോട് അച്ചടക്ക നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്യുക. സ്ത്രീകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കേണ്ടതും നടപ്പിലാക്കേണ്ടതുമായ സാമൂഹ്യക്ഷേമ പരിപാടികളെക്കുറിച്ച് ശുപാർശ ചെയ്യുക. ഒരു വലിയ വിഭാഗം സ്ത്രീകളെ ബാധിക്കുന്ന പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന വ്യവഹാരം നടത്തുവാൻ ധനസഹായം നൽകുക, സ്ത്രീകളെ സംബന്ധിക്കുന്ന ഏതൊരു കാര്യത്തേയും പ്രത്യേകിച്ച് |

| | |
|---|---|
| | സ്ത്രീകൾ അദ്ധ്വാനിക്കുന്നത് ഏതെല്ലാം വിവിധ പ്രയാസങ്ങളുടെ കീഴിലാണോ അവ സംബന്ധിച്ച് സർക്കാരിലേയ്ക്ക് ആനുകാലിക റിപ്പോർട്ട് നൽകുക.കൂടാതെ കമ്മീഷന് ലഭിക്കുന്ന പരാതികൾ തീർപ്പാക്കുന്നതിന് ജില്ലകൾതോറും അദാലത്തുകളും മെഗാ അദാലത്തുകളും സംഘടിപ്പിക്കുക ഉടങ്ങിയവയാണ് വനിതാ കമ്മീഷന്റെ മറ്റ് ചുമതലകൾ. |
| (ബി) ഗാർഹിക പീഡനത്തിനും മറ്റ് അതിക്രമങ്ങൾക്കും വിധേയരായ സ്ത്രീകളെ താൽക്കാലികമായി താമസിപ്പിക്കുന്നതിനായി കമ്മീഷന് കീഴിൽ ഷോർട്ട് സ്റ്റേ ഹോം പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) ഉണ്ട്. ഇതിനായി കമ്മീഷന്റെ കീഴിൽ ഷോർട്ട് സ്റ്റേ ഹോം തിരുവനന്തപുരത്ത് ഒരു വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. |
| (സി)വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി എല്ലാ ജില്ലകളിലും സ്കൂൾ കോളേജ് തലങ്ങളിൽ 'കലാലയ ജ്യോതി' എന്ന പരിപാടി സംഘടിപ്പിച്ച് വരുന്നുണ്ടോ; വിശദമാക്കുമോ; | (സി) ഉണ്ട്. 2016-17 വർഷം 309 കലാലയ ജ്യോതി പരിപാടികൾ നടത്തി. സമൂഹത്തിൽ വരുന്ന മാറ്റങ്ങളുടെ ഫലമായി ഇന്നത്തെ യുവതലമുറ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളിൽ നിന്നും ഇവരെ രക്ഷിക്കുന്നതിനുള്ള വനിതാ കമ്മീഷന്റെ ബോധവൽക്കരണ പരിപാടിയാണ് കലാലയജ്യോതി. വിദ്യാർത്ഥികളെ സാമൂഹിക വിപത്തുകളായ മദ്യം, മയക്കുമരുന്ന്, സ്ത്രീധനം ഇവയ്ക്കെതിരെ പൊരുതുവാനും സുരക്ഷിതമായ ജീവിതം നയിക്കുവാനും പ്രേരണ നൽകുന്ന ഈ പരിപാടി ഹയർ സെക്കൻഡറി സ്കൂളുകളിലും കോളേജുകളിലുമാണ് നടത്തുന്നത്. ഇന്നത്തെ സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ, മൊബൈൽ ഫോണിന്റെ ദുരുപയോഗം, സൈബർ രംഗത്തെ ചതിക്കുഴികൾ, വിവാഹ നിയമങ്ങൾ, ഗാർഹിക പീഡന നിരോധന നിയമം തുടങ്ങി സ്ത്രീ സുരക്ഷ സംബന്ധിച്ച വിവിധ വിഷയങ്ങൾ പ്രസ്തുത ബോധവൽക്കരണ പരിപാടിയുടെ ഭാഗമാണ്. |
| (ഡി)വനിതാ കമ്മീഷൻ എല്ലാ ജില്ലകളിലും വിവാഹപൂർവ്വ ശിൽപ്പശാല നടത്തി വരുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) ഉണ്ട്, 2016-17 വർഷം നടത്തിയ പ്രീമാരിറ്റൽ കൗൺസിലിംഗ് പരിപാടികളുടെ എണ്ണം -27.<br>കേരളത്തിൽ വർദ്ധിച്ച വരുന്ന വിവാഹമോചനങ്ങൾ, വിവാഹേതര ബന്ധങ്ങൾ, ശിഥിലമാകുന്ന കുടുംബ ബന്ധങ്ങൾ എന്നിവയുടെ പശ്ചാത്തലത്തിലാണ് കേരള വനിതാ കമ്മീഷൻ വിവാഹിതരാകുവാൻ തയ്യാറെടുക്കുന്ന യുവതീയുവാക്കൾക്ക് വിവാഹ പൂർവ്വ വിദ്യാഭ്യാസം നൽകി വരുന്നത്. വിവാഹ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്നതിന് മുമ്പ് വിവാഹം, കുടുംബജീവിതം, ദമ്പതികൾ തമ്മിലുള്ള ആശയവിനിമയം, മാനസിക ആരോഗ്യം, പ്രജനന ആരോഗ്യം, കുട്ടികളുടെ പരിചരണം തുടങ്ങി ഒട്ടേറെ വിഷയങ്ങളെക്കുറിച്ചുള്ള അവബോധം യുവതീയുവാക്കൾക്ക് നൽകുന്നതിനായി വനിതാ കമ്മീഷൻ വിവാഹ പൂർവ്വ വിദ്യാഭ്യാസ പരിപാടി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ